പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

## മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിൽ ദിനങ്ങൾ

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1443 — 11-08-2017-ൽ മറുപടിക്ക്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. രാജു എബ്രഹാം** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) |
| (എ) | മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മേഖലകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ പരിഷ്കരിച്ച ഒന്നാം പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തികളാണ് ഏറ്റെടുത്ത് നടത്തി വരുന്നത്. ഇവയെ പ്രധാനമായും നാല് വിഭാഗങ്ങളായി തരം തിരിച്ചിട്ടുണ്ട്. വിഭാഗം (എ) പ്രകൃതി വിഭവ പരിപാല നവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികൾ, വിഭാഗം (ബി) സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ, വിഭാഗം (സി) ദേശീയ ഉപജീവന മിഷന്റെ നിബന്ധനകൾ അനുസരിക്കുന്ന സ്വയം സഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യങ്ങൾ, വിഭാഗം (ഡി) ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ. |
| (ബി) | പ്രസ്തുത പദ്ധതിയിൽ നിന്നും കാർഷികമേഖലയെ ഒഴിവാക്കിയപ്പോൾ നിരവധി തൊഴിലവസരങ്ങൾ കുറഞ്ഞു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) യും (സി) യും | പദ്ധതിയിൽനിന്നും കാർഷിക മേഖലയെ ഒഴിവാക്കിയിട്ടില്ല. മറിച്ച് ഓരോ ഗ്രാമ പഞ്ചായത്തിലും ഏറ്റെടുത്തു നടത്തുന്ന പ്രവൃത്തികളുടെ 60% നിർബന്ധമായും കാർഷിക മേഖലയുടെ അഭിവൃദ്ധിക്ക് ഉതകുന്ന പ്രവൃത്തികളായിരിക്കണമെന്ന് പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ട്. നേരിട്ടുള്ള ആവർത്തന സ്വഭാവമുള്ള കാർഷിക പ്രവൃത്തികൾ പദ്ധതിയിൽ അനുവദനീയമല്ല. സംസ്ഥാനത്ത് അനുവദനീയമായ പദ്ധതികൾക്കായി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് തടസ്സമില്ല. കാർഷിക പ്രവൃത്തികൾ ഒഴിവാക്കിയതിനാൽ തൊഴിൽ ദിനങ്ങൾ കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>2013-14 മുതൽ 2016-17 വരെ യുള്ള ഓരോ വർഷവും സൃഷ്ടിച്ച തൊഴിൽ ദിനങ്ങ ളുടെ വിവരം ചുവടെ ചേർക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതിയെ ആശ്രയിച്ചു കഴിയുന്ന നിരവധി കുടുംബങ്ങൾക്ക് തന്മൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുകയും പട്ടിണിയിലാവുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |

| വർഷം | ലേബർ ബഡ്ജറ്റ് പ്രകാരമുള്ള തൊഴിൽ ദിനങ്ങൾ | സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ (ലക്ഷത്തിൽ) | ശതമാനം |
|---|---|---|---|
| 2013-14 | 875.57 | 866.03 | 98.91 |
| 2014-15 | 761.40 | 588.72 | 77.32 |
| 2015-16 | 713.00 | 741.74 | 104.03 |
| 2017-18 | 603.11 | 684.62 | 113.51 |

| | | | |
|---|---|---|---|
| (ഡി) | ആയത് പരിഹരിച്ച് കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് പറയാമോ? | (ഡി) | കേരളത്തിൽ പൊതുഭൂമി കുറവായതിനാൽ പൊതു ഭൂമിയിലെ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ ബുദ്ധിമുട്ടുള്ള സാഹചര്യം പരിഗണിച്ച് സമഗ്രമായ ഒരു നീർത്തടാധിഷ്ഠിത വികസന പരിപ്രേക്ഷ്യത്തിലൂന്നിയ പ്രവർത്തന രീതിശാസ്ത്രമാണ് അവലംബിക്കാൻ ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളിലും പടിപടിയായി നീർത്തട മാസ്റ്റർപ്ലാനുകൾ പരിഷ്കരിച്ച് കൂടുതൽ പ്രവൃത്തികൾ കണ്ടെത്തി നടപ്പിലാക്കുന്നതുവഴി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാൻ ലക്ഷ്യമിടുന്നു. |
| (ഇ) | പ്രസ്തുത പദ്ധതിയിൽ തൊഴിൽ ദിനങ്ങൽ സൃഷ്ടിക്കുന്നതിനായി ക്ഷീരവികസനവുമായി ബന്ധപ്പെട്ട് പശു, ആട് വളർത്തൽ പദ്ധതികൾ ഉൾപ്പെടുത്തുമോ; ആയതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും പദ്ധതി എങ്ങനെ നടപ്പക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ? | (ഇ) | ക്ഷീരകർഷകർക്ക് ആവശ്യമായ പശുത്തൊഴുത്തുകൾ, ആട്ടിൻകൂട് തുടങ്ങിയ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ ഒന്നാം പട്ടിക രണ്ടാം ഖണ്ഡികയിലെ നിബന്ധനകൾക്ക് വിധേയമായി നിർമ്മിച്ച് നൽകി വരുന്നുണ്ട്. എന്നാൽ ക്ഷീരോൽപാദനവുമായി ബന്ധപ്പെട്ട മൃഗ പരിപാലന പ്രവൃത്തികൾ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി നിരവധി തവണ കേന്ദ്ര സർക്കാരിനെ സമീപിച്ചിരുന്നെങ്കിലും അനുമതി ലഭ്യമാകാത്തതിനാൽ അത്തരം പ്രവൃത്തികൾ ഏറ്റെടുക്കാൻ നിലവിൽ സാധിക്കില്ല |

സെക്ഷൻ ഓഫീസർ